ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എല്ലാ അദ്ധ്യാപകന്മാർക്കും കൊടുക്കാൻ ഓർഡർ അയച്ചിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : ചില ഡിപ്പാർട്ടുമെൻറുകളിലെ എൻ. ജി. ഒ. മാരെ സംബന്ധിച്ചിടത്തോളം പേ കമ്മീഷൻ റിപ്പോർട്ടനുസരിച്ച് വ്യത്യാസം വരുത്തിയിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സാമാന്യമായി പറയുകയാണെങ്കിൽ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ ചില വ്യത്യാസം വരുത്തിയിട്ടുണ്ട്. പേ കമ്മീഷൻ റിപ്പോർട്ട് അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എന്തെല്ലാം വ്യത്യാസങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് അതിൽനിന്നും കാണുവാൻ കഴിയും.

ശ്രീ. പ്രാക്കുളം ഭാസി : അതുകൊണ്ടാണ് എന്തെല്ലാം വ്യത്യാസം വരുത്തിയിട്ടുണ്ടെന്ന് ചോദിച്ചത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒരു കാര്യത്തെപ്പറ്റി തീരുമാനമെടുക്കാനുള്ള ഒരു അധികാരസമിതി, അതിനെപ്പറ്റി ചിന്തിക്കണം. ചിന്തിച്ച് തീരുമാനിക്കണം. ആ തീരുമാനം അനുസരിച്ച് ഓർഡർ അയയ്ക്കണം. അതനുസരിച്ച് ചെയ്യുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ : മിഡിൽ സ്കൂൾ അദ്ധ്യാപകന്മാർക്ക് 40-100 രൂപ കൊടുക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെല്ലാം പേ കമ്മീഷൻ റിപ്പോർട്ടിൽനിന്നും അറിയാം.

ശ്രീ. ടി. കെ. ദിവാകരൻ : അവർക്ക് 40-100 രൂപ കൊടുക്കാൻ സുപാർശ ചെയ്തിട്ടുള്ളത് 80 രൂപയാക്കി കുറയ്ക്കാൻ കാരണം എന്താണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ കുറച്ചിട്ടില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : പോലീസ് കാൺസ്റ്റബിൾമാരും, സെൻട്രൽ ജയിലിലെ വാർഡറന്മാരും തുല്യശമ്പളത്തിലിരിക്കെ, പോലീസുകാർക്കുമാത്രം ശമ്പളം കൂട്ടുകയും വാർഡറന്മാർക്ക് കൂട്ടാതിരിക്കുകയും ചെയ്തത് എന്തുകൊണ്ടാണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ ചെയ്തിട്ടുള്ളതായി എനിക്ക് അറിഞ്ഞുകൂടാ. അങ്ങിനെയുണ്ടെങ്കിൽ കൂട്ടിയിട്ടുള്ളവർക്കു കൂട്ടാനും കൂട്ടിയിട്ടില്ലാത്തവർക്ക് കുറയ്ക്കാനും ആയിരിക്കും.

രണ്ടാം പഞ്ചവത്സരപദ്ധതി.

* 18. [20] ശ്രീ. എൻ. ജി. ചാക്കോ . താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയിൽ ഈ സംസ്ഥാനത്തെ ആവശ്യത്തിനു പ്ലാനിംഗ് കമ്മീഷൻ നീക്കിവച്ചിട്ടുള്ള തുക പോരെന്നും, അതു കൂട്ടിത്തരണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്ത് ഐകകണ്ഠ്യേന നിയമസഭ പാസ്സാക്കിയ പ്രമേയം കേന്ദ്രഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതേപ്പറ്റി എന്തു നടപടി എടുത്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഈ സംസ്ഥാനത്തെ ആവശ്യത്തിനു് പ്ലാനിംഗ് കമ്മിഷൻ നിശ്ചയിച്ചിട്ടുള്ള തുക പോരാ എന്നും അതു കൂട്ടിത്തരണമെന്നും ആവശ്യപ്പെട്ടുകൊണ്ടു് കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്തു് ഈ നിയമസഭ പാസ്സാക്കിയ പ്രമേയം കേന്ദ്രഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്.

(ബി) കേന്ദ്രഗവണ്മെന്റിന്റെ തീരുമാനം ഇതുവരെ അറിവായിട്ടില്ല.

ശ്രീ. എൻ. ജി. ചാക്കോ : അനുകൂലമായ തീരുമാനം ഉണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അനുകൂലമായ തീരുമാനം ഉണ്ടാകുമെന്നു് പ്രതീക്ഷയുണ്ടു്.

ശ്രീ. യു. നീലകണ്ഠൻ : നാലു ലക്ഷം രൂപ കുറച്ചിട്ടുണ്ടെന്നു് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതൊരു തെറ്റിദ്ധാരണയാണു്. രണ്ടാം പഞ്ചവത്സരപദ്ധതി ഫൈനലായതിനുശേഷം, സാമ്പത്തിക വൈഷമ്യങ്ങൾ പരിഗണിച്ചു്, ഫിസിക്കൽ ടാർജറ്റ് കുറവുചെയ്യാൻ പ്ലാനിംഗ് കമ്മിഷൻ തീരുമാനിച്ചിട്ടുണ്ടു്. അതനുസരിച്ചു് ആകെയുള്ള തുകയുടെ അഞ്ചുശതമാനം കുറച്ചിട്ടുണ്ടു്. അങ്ങനെയുള്ള കുറവല്ലാതെ പ്രത്യേകം കുറവു വരുത്തിയിട്ടില്ല.

ശ്രീ. പ്രാക്കുളം മോസി : പ്ലാനിംഗ് കമ്മിഷന്റെ ഒരു പ്രതിനിധിയെ ഈ സംസ്ഥാനം സന്ദർശിക്കാൻ അയച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നിശ്ചയമില്ല.

ശ്രീ. പ്രാക്കുളം മോസി : മി. മൂൺ എന്നൊരാളെ, ഈ സംസ്ഥാനത്തെ പ്ലാനിംഗ് പ്രവർത്തനങ്ങൾ പരിശോധിക്കാൻ അയച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്ലാനിംഗ് കമ്മിഷന്റെ പ്രതിനിധികൾ ഒന്നിരാടം വന്നു പോകുന്നുണ്ടു്. അതിൽ മൂണോ, സണ്ണോ വന്നിരിക്കാം.

ശ്രീ. പ്രാക്കുളം മോസി : പ്ലാനിംഗ് പദ്ധതികളിൽ ഏതെങ്കിലും ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പറ്റി ആലോചിക്കാവുന്നതാണു്.

ശ്രീ. പ്രാക്കുളം മോസി : അങ്ങനെ ഭേദഗതി ചെയ്യുന്നതിനു് ചർച്ചകൾ ആവശ്യമില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആവശ്യമാണു്; കൂടക്കൂടെ നടത്തുന്നുമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly